പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.4460

04.02.2014 ൽ
മറുപടി നൽകേണ്ടിയിരുന്നത്

## പാലക്കാട് ജില്ലയിൽ മണൽ ഖനനവും മണൽ കടത്തും

ചോദ്യം

ശ്രീ.എം.ചന്ദ്രൻ

ഉത്തരം

ശ്രീ .അടൂർ പ്രകാശ്
(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിൽ മണൽ ഖനനവും മണൽ കടത്തും നിരോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ എന്നു മുതൽ; ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാ ണെന്ന് വ്യക്തമാക്കുമോ ; | (ബി) | പാലക്കാട് ജില്ലാ കളക്ടറുടെ 09.12.2013 ലെ എൽ.ആർ.ജി.10-2013/60950/9 നമ്പർ നടപടി ക്രമം മുഖേന മണൽ ഖനനവും കടത്തും നിരോധിച്ചിട്ടുണ്ട്. ബഹു.ദേശീയ ഹരിത ട്രൈബ്യൂണലിന്റെ OA 171/2013 നമ്പർ ഉത്തരവ്, പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് ഡയറക്ടറുടെ 27-11-2013 ലെ DoECC/E3/2681/2013 നമ്പർ കത്ത് എന്നിവയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത നിരോധനം പുറപ്പെടുവിച്ചിട്ടുള്ളത്. |
| (സി) | നിരോധനം മൂലം മണൽ പാസ് ലഭിച്ചവർക്ക് മണൽ ലഭ്യമാകുന്നതിൽ തടസ്സം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ ; | (സി) | ഉണ്ട്. |

| | | | |
|---|---|---|---|
| (ഡി) | മണൽ ന്യായവിലയ്ക്ക് സാധാരണക്കാർക്ക് ലഭ്യമാക്കുന്നതിന് എന്തു നടപടിയാണ് ജില്ലാ ഭരണകൂടം സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (ഡി) | മണൽ വിതരണത്തിൽ സുതാര്യത വരുത്തുന്നതിനായി തൃശ്ശൂർ, പാലക്കാട്, ഇടുക്കി, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ "SAND" എന്ന ഓൺലൈൻ മണൽ പാസ് വിതരണ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മണൽ ലഭ്യതയ്ക്കും നിർമ്മാണപ്രവർത്തനങ്ങൾക്കുമായി സംസ്ഥാനത്തിന് പുറമേ നിന്നുള്ള മണൽ ലഭ്യത സുഗമമാക്കുന്നതിനായി കേരള മിനറൽ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള ഹൗസിംഗ് ബോർഡ്, കേരള ലാന്റ് ഗവേണൻസ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളെ നോഡൽ ഏജൻസികളായി നിയമിച്ച് 03-05-2013 -ലെ ജി.ഒ.(എം.എസ്) 183/13/റവ. നമ്പർ ഉത്തരവായിട്ടുള്ളതാണ്. |
| (ഇ) | മലമ്പുഴ ഡാമിൽ നിന്നും മുമ്പു ശേഖരിച്ചിരുന്ന മണൽ, പാസ്സ് നൽകി സാധാരണക്കാർക്ക് വിതരണം ചെയ്തു കഴിഞ്ഞിട്ടുണ്ടോ ; വ്യക്തമാക്കാമോ ? | (ഇ) | മലമ്പുഴ, വാളയാർ, ചുള്ളിയാർ ഡാമുകളിൽ നിന്നും സംഭരിച്ച മണൽ വിൽപന നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ